കാര്യങ്ങളും ചെയ്യാൻ കഴിയുമോ അത് ഡിപ്പാർട്ടുമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. പിന്നെ ഇവിടെ സൂചിപ്പിച്ചത് പെരിനാട് സ്കീമിനെ സംബന്ധിച്ചൊക്കെയാണ്. ഒരു സ്കീമിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. മൺട്രോതുരുത്ത് ഐലന്റിലേക്കുള്ള സ്കീം നേരത്തെ ആരംഭിച്ചതാണ്. ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പെരിനാട് പഞ്ചായത്തിനുവേണ്ടി ഇപ്പോഴും നിലവിൽ അഞ്ചു ചെറിയ സ്കീമുകളാണ് ഉള്ളത്. അതിനകത്തൊക്കെയുള്ള പ്രാദേശികമായ പ്രശ്നങ്ങളാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അതുപോലെ പെരിനാട് ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ചും പറയുകയുണ്ടായി. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ മുടക്കം കൂടാതെ നടത്തിക്കൊണ്ടുപോകണം എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കുകയും ചെയ്യാം. പിന്നെ വേംഡ് ബാങ്ക് സ്കീം, കൊല്ലം മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ളതാണ്. ആ സ്കീം കമ്മീഷൻ ചെയ്ത് വർഷങ്ങളായി കിടന്നതാണ്. ഈ പ്രദേശങ്ങളിലേക്ക് അത് കിട്ടുന്നതിനുവേണ്ടി പ്രത്യേകമായിട്ട് അന്വേഷിക്കാം.

(14) മലപ്പുറം നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. എ. യൂനസ് കുഞ്ഞ് : മലപ്പുറം നിയോജകമണ്ഡലത്തിലെ പൂരകം, വേങ്ങര, കണ്ണമംഗലം റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ ശേഷിക്കുന്ന പണികൂടി എത്രയുംവേഗം പൂർത്തിയാക്കി ജലവിതരണം ആരംഭിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന ആവശ്യം ഈ സഭയിൽ ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 5 കോടിയോളം രൂപ മുതൽമുടക്കുള്ള പദ്ധതിയാണിത്. ജലം സംഭരിക്കാനുള്ള സ്റ്റോറേജ് ടാങ്കുകളുടെ പണി പൂർത്തിയായി. ജല വിതരണ പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. വെള്ളം ശുദ്ധീകരിക്കാനുള്ള ഫിൽട്ടർ സിസ്റ്റം ഇനിയും പൂർത്തീകരിച്ചിട്ടില്ല. യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ ഫിൽട്ടർ ടാങ്കിന്റെ പണി പൂർത്തിയാക്കി ജലവിതരണം ആരംഭിച്ചാൽ പൂരകം, വേങ്ങര, കണ്ണമംഗലം എന്നീ വില്ലേജുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും. ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നതോടൊപ്പം ഒരപേക്ഷകൂടിയുണ്ട്. ഒരു ജനറേറ്റർകൂടി സ്ഥാപിക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചാൽ വൈദ്യുതിക്ഷാമം ഒഴിവാക്കി സ്ഥിരമായി ജലവിതരണം ഉറപ്പാക്കാൻ കഴിയും. ആയതിന്റെ അനുമതികൂടി ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി നൽകണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്) : സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ച ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൽപ്പെടുന്ന ഒരു സ്കീമാണിത്. ഇത് 1994-95 വർഷത്തിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. അതിന്റെ പണി സാമ്പത്തികഞെരുക്കംമൂലം മുടങ്ങിക്കിടക്കുകയാണ്. മുഖ്യമന്ത്രിയുടെ 15 ഇന പരിപാടിയിൽപ്പെടുത്തി എടുത്തിരിക്കുന്ന 85 സ്കീമുകളിൽ ഒരെണ്ണമാണിത്. ഇതിന്റെ പണികൾ വളരെ വേഗതയിൽ മുന്നോട്ട് നീങ്ങുന്നുണ്ട്. 105 പൊതു ടാപ്പുകളിൽ ഇപ്പോഴത്തന്നെ പരീക്ഷണാർത്ഥം

LIBRARY ARCHIVES Kerala Legislative Assembly

ജലം എത്തിച്ചു കഴിഞ്ഞിട്ടുണ്ട്. പിന്നെ വോൾട്ടേജ് സ്റ്റെബിലൈസറിനെ പറ്റി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. വോൾട്ടേജ് സ്റ്റെബിലൈസറിന് ഓർഡർ നൽകിയിട്ടുണ്ട്. 1996 മാർച്ച് അവസാനത്തോടുകൂടി ഈ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യും.

(15) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

പ്രൊഫസർ മീനാക്ഷി തമ്പാൻ : സർ, തീരദേശ പ്രദേശമായ കൊടുങ്ങല്ലൂരിൽ പ്രത്യേകിച്ച് എറിയാട് പഞ്ചായത്തിലെ അഴീക്കോടും മേത്തല പഞ്ചായത്തിലെ വി. പി. തുരുത്തിലും അനുഭവപ്പെടുന്ന അതി രൂക്ഷമായ കുടിവെള്ള ക്ഷാമത്തിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഈ പ്രദേശങ്ങളിൽ കുഴൽകിണർ കുഴിച്ചാൽപ്പോലും ഉപ്പുവെള്ളം മാത്രമേ ലഭിക്കുകയുള്ളു എന്നതുകൊണ്ട് പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതികളെയാണ് പൂർണ്ണമായി ആശ്രയിക്കുന്നത്. ഈ പ്രദേശങ്ങളിൽ രണ്ടുമൂന്നു മാസംകൊണ്ട് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമാണ് വെള്ളം ലഭിക്കുന്നത്. അഴീക്കോടിൽ ശുദ്ധജല വിതരണത്തിനുവേണ്ടി പ്രത്യേകമായി ഒരു പദ്ധതിയുണ്ടെങ്കിലും വർഷങ്ങളേറെക്കഴിഞ്ഞിട്ടും അത് ഇതുവരേയും കമ്മീഷൻ ചെയ്തിട്ടില്ല. ഇപ്പോൾ പുതുതായി സീതിസാഹിബ് മെമ്മോറിയൽ വരെ രണ്ടു കിലോമീറ്ററോളം പൈപ്പുകൾ ഇട്ടിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയടക്കം പങ്കെടുത്ത റിവ്യൂ യോഗങ്ങളിൽ അഴീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിനെക്കുറിച്ച് ധാരാളം ചർച്ചയുണ്ടായിരുന്നെങ്കിലും കാര്യമായി ഒന്നുംതന്നെ നടന്നിട്ടില്ല. ഈ പദ്ധതി പൂർത്തീകരിച്ച് അഴീക്കോടു മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇപ്പോൾ ഓപ്പറേഷനിലിരിക്കുന്ന ഒരു സ്കീമിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. എം.എൽ.എ. മാരുമായി നടത്തിയ ചർച്ചകളെത്തുടർന്നാണ് 4 എം. എൽ. ഡി. വെള്ളത്തിനു പുറമെ 8.1 എം. എൽ. ഡി. വെള്ളം കണക്കാക്കി പമ്പുറസറ് മാറ്റി സ്ഥാപിച്ച് വിതരണം നടത്താനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിക്കഴിഞ്ഞത്. നിലവിലുള്ള ടാപ്പുകളിൽ വൈദ്യുതി നിയന്ത്രണംമൂലമാണ് ശരിയായ ക്രമത്തിൽ വെള്ളം എത്തിക്കാൻ കഴിയാതിരുന്നത്. എന്നിരുന്നാലും ആഴ്ചയിൽ രണ്ടുദിവസം അഴീക്കോട് പ്രദേശത്തേക്കും മൂന്നുദിവസം വി.പി. തുരുത്ത് ഉൾപ്പെടെയുള്ള പഞ്ചായത്തിലും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പ്രദേശത്തേക്കും വാൽവ് ഓപ്പറേഷൻ നടത്തി ജലവിതരണം ക്രമീകരിച്ചിട്ടുണ്ട്. അഴീക്കോട് പദ്ധതിക്കുവേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ ടെൻഡർ വിളിച്ച് പണി നടന്നുകൊണ്ടിരിക്കുകയാണ്. പണി പൂർത്തിയായി കഴിഞ്ഞാൽ കൂടുതൽ വെള്ളം നൽകാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly